**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 579** **09-06-2021 - ൽ മറുപടിയ്ക്ക്**

**വനം കയ്യേറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ. കെ.വി.സുമേഷ്** | | **Shri. A. K. Saseendran<br>(വനം, വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വനഭൂമി കയ്യേറ്റം പൂർണ്ണമായും തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; | (എ) | 1) വനത്തിനുള്ളിലേയും വനാതിർത്തികളിലേയും സ്റ്റാഫിന്റെ പട്രോളിംഗ് കൂടുതൽ കാര്യക്ഷമമാക്കും. പുതിയ കയ്യേറ്റ ശ്രമങ്ങൾ അപ്പപ്പോൾതന്നെ തടയുകയും പുതിയ കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് കയ്യേറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതുമാണ്. 2) ഉദ്ദേശം 1000 കി.മീ. വനാതിർത്തികൾ സ്ഥിരം ജണ്ടകൾ കെട്ടി വേർതിരിക്കുവാനായി ഇനിയും അവശേഷിക്കുന്നുണ്ട്. ടി ശേഷിക്കുന്ന വനാതിർത്തികളിൽ ജണ്ട നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതാണ്. 3) സംസ്ഥാനത്തിൻറെ വനഭൂമി സംബന്ധിച്ചുള്ള സർവ്വേ സ്കെച്ചുകളും അനുബന്ധ രേഖകളും വനം വകുപ്പിന്റെ കൈവശമുള്ള മറ്റു രേഖകളും ഭദ്രമായി സൂക്ഷിക്കുന്നതിനായി നൂതന രീതിയിലുള്ള ഒരു റിക്കോർഡ് റൂം കോഴിക്കോട് മാത്തോട്ടം ഫോറസ്റ്റ് കോംപ്ലക്സിൽ 2018 സെപ്റ്റംബർ മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടി രേഖകളെല്ലാം തന്നെ സമയബന്ധിതമായി ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. 4) വനഭൂമി കൈക്കലാക്കുവാൻ ഉദ്ദേശിച്ച് വിവിധ കോടതികളിൽ ഉണ്ടാകുന്ന കേസുകളുടെ ഫലപ്രദമായ നടത്തിപ്പ് ഉറപ്പാക്കും. |
| (ബി) | വനം കയ്യേറ്റം പൂർണ്ണമായും തടയുന്നതിന് വനങ്ങളുടെ അതിർത്തി സർവ്വേ നടത്തി സ്ഥിരം ജണ്ടകൾ കെട്ടി വേർതിരിക്കുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കുമോ; | (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 70,306 സ്ഥിരം ജണ്ടകൾ കെട്ടി ഉദ്ദേശം 3,260 കി.മീ. വനാതിർത്തികൾ വേർതിരിച്ചിട്ടുണ്ട്. 2016-17 മുതൽ ജണ്ട നിർമ്മാണത്തിൽ കാര്യമായ പുരോഗതി കൈവരിക്കുവാനായി. 2016-17 ൽ 12,500 ജണ്ടകളും (ഉദ്ദേശം 550 കി.മീ. വനാതിർത്തി), 2017-18 ൽ 14,416 ജണ്ടകളും (ഉദ്ദേശം 680 കി.മീ. വനാതിർത്തി), 2018-19 ൽ 14,618 ജണ്ടകളും (ഉദ്ദേശം 700 കി.മീ. വനാതിർത്തി), 2019 -20 ൽ |

| | | | |
|---|---|---|---|
| | | | 11,779 ജണ്ടകളും (ഉദ്ദേശം 580 കി.മീ. വനാതിർത്തി), 2020 -21 ൽ 16,993 ജണ്ടകളും (ഉദ്ദേശം 750 കി.മീ. വനാതിർത്തി) നിർമ്മിച്ചിട്ടുണ്ട്. ഏകദേശം 1000 കി.മീ. വനാതിർത്തികളിലായി ഉദ്ദേശം 25,000 സ്ഥിരം ജണ്ടകൾ നിർമ്മിക്കുവാൻ ഇനിയും അവശേഷിക്കുന്നുണ്ട്. ടി ശേഷിക്കുന്ന വനാതിർത്തികളിലെ ജണ്ടകളുടെ നിർമ്മാണവും 2-3 വർഷങ്ങൾക്കുള്ളിൽ പൂർത്തീകരിക്കുന്നതാണ്. |
| (സി) | വനാതിർത്തി സർവ്വേ ചെയ്യുന്നതിന് ഉദ്യോഗസ്ഥർക്ക് എന്തെല്ലാം പരിശീലനങ്ങളാണ് നൽകിവരുന്നത്; | (സി) | 2016-17 മുതൽ വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവരെ സർക്കാർ അധീനതയിലുള്ള മോഡേൺ ഗവൺമെന്റ് റിസർച്ച് & ട്രെയിനിംഗ് സെൻറർ ഫോർ സർവ്വേയിൽ ചെയിൻ സർവ്വെ, ഹയർ സർവ്വെ, മോഡേൺ സർവ്വെ എന്നിവയിൽ പരിശീലനം നൽകി അവരുടെ സേവനം വനാതിർത്തി നിർണ്ണയത്തിന് ഉപയോഗപ്പെടുത്തി വരുന്നു. ഇതുവരെ 8 ബാച്ചുകളിലായി 240 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ എന്നിവർക്ക് പരിശീലനം നൽകിയിട്ടുള്ളതാണ്. 04.04.2016-ലെ GO(P) No.290/16/RD പ്രകാരം കേരള സർവ്വെ & ബൗണ്ടറീസ് റൂൾസ് - 1964, റൂൾ - 101 ഷെഡ്യൂളിൽ വേണ്ട ഭേദഗതി വരുത്തി ട്രെയിനിംഗിൽ വിജയികളായ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ എന്നിവരെ അംഗീകൃത സർവ്വേയർമാരായി കണക്കാക്കികൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുമുണ്ട്. |
| (ഡി) | സർവ്വേ ജോലികൾക്കായുള്ള ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ഡി) | സർവ്വേ ജോലികൾക്കുള്ള ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കുന്നതിനായി 2016-17 മുതൽ വനം വകുപ്പിലെ 240 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ എന്നിവർക്ക് സർക്കാർ അധീനതയിലുള്ള മോഡേൺ ഗവൺമെന്റ് റിസർച്ച് & ട്രെയിനിംഗ് സെൻറർ ഫോർ സർവ്വേയിൽ ചെയിൻ സർവ്വെ, ഹയർ സർവ്വെ, മോഡേൺ സർവ്വെ എന്നിവയിൽ പരിശീലനം നൽകി സർവ്വേ ജോലികൾക്കായി നിയോഗിച്ചിട്ടുണ്ട്. ഇവരെ അംഗീകൃത സർവ്വേയർമാരായി കണക്കാക്കികൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ